# കള്ളിക്കാട് സി. ഡി. എസ്

## കൊറോണ സംബന്ധമായ പ്രവർത്തനങ്ങൾ

ഗായത്രി എ എൽ ( ബ്ലോക്ക് കോർഡിനേറ്റർ ) - 7034001843
ശോഭി (സി ഡി എ സ് ചെയർ പേഴ്സൺ ) - 62829 93707

# ആമുഖം

ലോകത്തിന്റെ നെറുകയിൽ പൊൻതൂവലായി കുടുംബശ്രീ പ്രസ്ഥാനത്തിന് 22 വർഷം പിന്നിടുകയാണ് ഈ കാലയളവി കാലയളവിലും കള്ളിക്കാട് പഞ്ചായത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ മികച്ച നിലവാരത്തിൽ എത്തിക്കുന്നതിനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും കഴിഞ്ഞു എന്നതിൽ വളരെ സന്തോഷമുണ്ട്. തിരുവനന്തപുരം ജില്ലയിൽ അഗസ്ത്യമുനിയുടെ പാദസ്പർശമേറ്റ സഹ്യന്റെ മടിയിൽ തലവെച്ചു കിടക്കുന്ന ഒരു ചെറിയ ഗ്രാമമാണ് കള്ളിക്കാട് ഗ്രാമപഞ്ചായത്ത്. നെയ്യാറിന്റെ തീരത്ത് വന സമൃദ്ധമായ ഈ ഗ്രാമത്തിൽ കുടുംബശ്രീയുമായി ചേർന്ന് സന്നദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും പഞ്ചായത്തിന് താങ്ങായി നിൽക്കുന്നതിനും നാടിനെയും നാട്ടാരെയും കുടുംബശ്രീ പ്രവർത്തനത്തിലൂടെ ഏകോപിപ്പിക്കുന്നതിനും സാധിക്കുന്നു.. കൊറോണ പ്രതിസന്ധി കാലത്തും മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ സി ഡി എസ്സിന് കഴിഞ്ഞിട്ടുണ്ട് .

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- ത്രിതല സംഘടനയുമായി സംയോജിച്ചുള്ള പ്രവർത്തനങ്ങൾ :-

കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ അയൽക്കൂട്ടങ്ങൾ, എഡിഎസ്, സി ഡി എസ് എന്നീ ത്രിതല സംഘടനകൾ സംയോജിപ്പിച്ചുകൊണ്ട് കൊറോണ എന്ന മഹാമാരിയെ തുടച്ചു നീക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ നിന്നും തുടച്ചു മാറ്റുന്നതിന് വേണ്ടിയിട്ടുള്ള ശക്തമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു

- വാട്സ്ആപ് ഗ്രുപ്പുകളിലൂടെയുള്ള പ്രവർത്തനങ്ങൾ :-

268 അംഗങ്ങളുള്ള 13 എ ഡി എസ്സ വാട്സ്ആപ്പ് ഗ്രൂപ്പും 1049 അംഗങ്ങളുള്ള 174 അയൽക്കൂട്ട ഗ്രൂപ്പും 18 അംഗങ്ങളുള്ള ഒരു സിഡിഎസ് ഗ്രൂപ്പും ഈ ലോക്ക് ഡൌൺ കൊറോണ പ്രതിസന്ധി കാലത്തു രൂപീകരിച്ചു.

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- വയോജനങ്ങൾക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ

സി ഡി എസിൽ ആകെ 9 വയോജന അയൽക്കൂട്ടം പ്രവർത്തിക്കുന്നുണ്ട്. അവരുടെ ആരോഗ്യം ഭക്ഷണം എന്നിവയെ കുറിച്ച് അറിയാനും കൊറോണ സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്താനും എഡിഎസ് ഭരണ സംഘടനയ്ക്ക് ചുമതല നൽകി കൊറോണ കാലത്തെ അവരുടെ ആവശ്യമറിഞ്ഞു പ്രവർത്തിക്കാൻ സി ഡി എസ്സിന് സാധിച്ചു

- കാർഷിക സംബന്ധമായവ :-

അയൽക്കൂട്ടം അംഗങ്ങൾ കൃഷിഭവൻ മുഖാന്തരം ലഭ്യമാക്കിയ വിത്തുകളും തൈകളും വീട്ടു മുറ്റത്തു നട്ടു മുളപ്പിച്ചും അവ വീഡിയോ ആക്കി അയൽക്കൂട്ട വാട്സപ് മത്സരങ്ങളിൽ പങ്കു ചേരുകയും ചെയ്തു

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- ലോണുകൾ :-

സർവീസ് സഹകരണ ബാങ്ക് മുഖേന 16 ഗ്രൂപ്പുകൾക്കായി 880000 ലോണും കേരള ഗ്രാമീൺ ബാങ്ക് മുഖേന 5 ഗ്രൂപ്പുകൾക്കായി 485000 ലോണും ഫെഡറൽ ബാങ്ക് മുഖേന 30 ഗ്രൂപ്പുകളായി 2925000 സി എം ഹെച് എൽ എസ് ലോണും ലഭ്യമാക്കി. ഇത്തരത്തിൽ ആകെ 4915000 ലോൺ തുക അയൽകൂട്ട ക്കാർക്ക് ലഭ്യമാക്കി കൊടുത്തു.

# സി എം ഹെച്ച് എൽ എസ് ലോൺ വിതരണം



# ജനങ്ങൾക്കൊരു കൈത്താങ്ങായി
## - കമ്മ്യൂണിറ്റി കിച്ചൺ

കമ്മ്യൂണിറ്റി കിച്ചണിലൂടെ പഞ്ചായത്തിലെ അശരണർക്കും നിരാലംബർക്കും കോറന്റെനിൽ കഴിയുന്നവർക്കും ഭക്ഷണം ആവശ്യപ്പെടുന്നവർക്കും എല്ലാ ഗ്രാമപഞ്ചായത്ത് നിവാസികൾക്കും പഞ്ചായത്തിനോടൊപ്പം ചേർന്ന് സി ഡി എസ്സിലെ അയൽക്കൂട്ട അംഗങ്ങളും വീടുകളിൽ ഭക്ഷണം എത്തിച്ചു കൊടുത്തു . ഗുണഭോക്താക്കളെ കണ്ടെത്തി ഭക്ഷണം എത്തിച്ചു കൊടുക്കുന്നതിനുള്ള മേൽനോട്ട ചുമതല വഹിച്ചിരുന്നത് മോണിറ്ററിങ് സമിതി അംഗമായ സി ഡി എസ് ചെയർപേഴ്സൺ ആയിരുന്നു .ദിനം പ്രതി ഇരുന്നൂറിൽ പരം ആളുകൾക്ക് സൗജന്യ ഭക്ഷണം ലഭ്യമാക്കാൻ കമ്മ്യൂണിറ്റി കിച്ചണിലൂടെ സാധ്യമായി.

# ജനങ്ങൾക്കൊരു കൈത്താങ്ങായി

## - കമ്മ്യൂണിറ്റി കിച്ചൺ








# ജനങ്ങൾക്കൊരു കൈത്താങ്ങായി

## - മാസ്ക് നിർമാണ വിതരണ പ്രവർത്തനങ്ങൾ

കോവിഡ് കാലത്തെ പ്രതിരോധ പരിപാടി എന്നോണം സി. ഡി. എസ് കളിൽ പ്രവർത്തിക്കുന്ന എല്ലാ കുടുംബശ്രീ തയ്യൽ സംരംഭകരുടെ സഹകരണത്തോടെ രണ്ടായിരത്തില്പരം സുരക്ഷ മാസ്കുകൾ തയ്യാറാക്കുകയും വാർഡുതലത്തിൽ ഓരോ അയൽക്കൂട്ട അംഗങ്ങൾ മുഖാന്തരം ആൾക്കാർക്ക് ലഭ്യമാക്കുകയും ചെയ്തു. കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നക്ഷത്ര ബാഗ് യൂണിറ്റുകാർ ആയിരത്തിൽപരം മാസ്കുകൾ തയ്ച്ചു എത്തിക്കുകയും ചെയ്തു. എല്ലാവർക്കും മാസ്കുകൾ ആവശ്യാനുസരണം ലഭിക്കുന്നതിന് വേണ്ട നിർമാണ വിതരണ പ്രവർത്തനങ്ങൾ സി . ഡി. എസ് മുഖാന്തരം നടന്നു വരുന്നു

# വിവിധ വകുപ്പുകളുമായി യോജിച്ചുള്ള കോവിഡ് പ്രതിരോധം

- **ആരോഗ്യം :**

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടു ആരോഗ്യമേഖലയുമായി സംയോജിച്ചു കൊണ്ടു തന്നെ കുടുംബശ്രീ അംഗങ്ങൾ ഓരോ വീടുകളിൽ ബോധവത്കരണവും ആവശ്യമായ നിർദേശങ്ങളും നൽകുകയും ആരോഗ്യ മേഖലയിൽ നിന്നും നൽകിയ പ്രതിരോധ മരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകുകയും ചെയ്തു. വിദേശത്തു നിന്ന് വരുന്നവരെ തിരിച്ചറിഞ്ഞു അറിയിക്കുന്നതിനും നിർദേശങ്ങൾ നൽകുകയും ചെയ്തു. വീടുകളിൽ സുരക്ഷിതരായിരിക്കേണ്ട ആവശ്യകത പറഞ്ഞു മനസ്സിലാക്കി കൊടുക്കാൻ കുടുംബശ്രീ മുഖാന്തരം സാധ്യമായി.

- **പൊതുവിതരണം:**

ആവശ്യ സാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും അമിത രൂപ ഈടാക്കാതെ ആഹാര സാധനങ്ങൾ ജനങ്ങളിൽ എത്തുന്നുണ്ടെന്ന് സി. ഡി. എസ് മുഖാന്തരം ഉറപ്പുവരുത്തി. റേഷൻ കട / സപ്ലൈ കോ മുഖാന്തരം ലഭ്യമാകുന്ന സാധങ്ങൾ കൂട്ടം കൂടാതെ നിർദേശാനുസരണം എല്ലാ മുന്കരുതലോടു കൂടി ലഭ്യമാക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്തി. റേഷൻ വിഹിതം ലഭിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നവരെ കണ്ടെത്തി സഹായിക്കുന്നതിലും ശ്രദ്ധ കൊടുത്

# വിവിധ വകുപ്പുകളുമായി യോജിച്ചുള്ള കോവിഡ് പ്രതിരോധം

- കൃഷിവകുപ്പ് :

വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിന്റെ പ്രാധാന്യം ലോക്ക് ഡൌൺ അവസരത്തിൽ മനസിലാക്കി കൊണ്ടു തന്നെ കൃഷിവകുപ്പ് മുഖാന്തരം ലഭ്യമായ വിത്തുകൾ എല്ലാ അയൽക്കൂട്ട അംഗങ്ങൾ grow bag കളിലും വീട്ടു മുറ്റത്തു നട്ടു വളർത്തി. വീട്ടിലെ മുതിർന്നവർ മുതൽ കുട്ടികൾ വരെ ഈ അവസരത്തിൽ മുന്നോട്ടു വരുകയും മാനസിക ഉല്ലാസത്തിനോട് ഒപ്പം അടുക്കള തോട്ടം ഒരുക്കുന്ന തിൽ ഒത്തു ചേരുകയും ചെയ്തു. അടുക്കള തോട്ടത്തിലെ വിഭവങ്ങൾ അയൽക്കൂട്ട ഗ്രൂപ്പുകളിലും സോഷ്യൽ മീഡിയ കളിലും പങ്കിടുകയും ചെയ്തു.

# കൊറോണ കാലത്തെ കള്ളിക്കാട് സി ഡി എസ്സിലെ പച്ചക്കറി വിളവെടുപ്പ് ഉത്സവം'





# ഒന്നിച്ചു പ്രവർത്തിക്കാം..
# ഭാവി ഭാസുരമാക്കാം..

## കോവിഡിന്റെ കാലത്ത് കുടുംബ ശ്രീ ഭാവി പ്രവർത്തങ്ങൾ :-

കുടുംബശ്രീ ജില്ലാ മിഷനുമായി ചേർന്ന് പഞ്ചായത്തിന്റെ സഹകരണത്തോടു കൂടി വിശപ്പു രഹിത കേരളത്തിന്റെ ഭാഗമായി സി ഡി എസിൽ ഒരു ജനകീയ ഹോട്ടൽ ആരംഭിക്കുകയും അതുവഴി എല്ലാവർക്കും ഒരു നേരത്തെ ആഹാരം ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുകയും അടുക്കള തോട്ടം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട നടപടികൾ എറ്റെടുത്തു ചെയ്യണം

# നന്ദി